കാസർഗോഡ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണം

123 [946] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ഏഴ് നിലകളുള്ള പുതിയ കെട്ടിടത്തിന്റെ ഭരണാനുമതി നൽകിയത് എന്നാണ്;

(ബി) ഈ കെട്ടിടത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഈ പണിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഇതിന് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതേ പ്ലാനിലും വ്യവസ്ഥയിലും ആരംഭിച്ച മറ്റ് ആശുപത്രി കെട്ടിടങ്ങൾ ഏതെല്ലാമാണെന്നും, അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് താലൂക്ക് ആശുപത്രിയുടെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-7-1992-ൽ ആണ്.

(ബി) പ്ലാസ്റ്ററിംഗ് ജോലി ഏകദേശം പൂർത്തിയായിട്ടുണ്ട്.

(സി) പണിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുക 4,77,00,000 (നാല് കോടി എഴുപത്തിയേഴ് ലക്ഷം) രൂപയ്ക്കുള്ളതാണ്. ഫണ്ടിന്റെ ദൗർലഭ്യമാണ് കാലതാമസത്തിനു പ്രധാന കാരണം.

(ഡി) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിൽ പാലാ മാത്രമാണ് കാസർഗോഡ് താലൂക്ക് ആശുപത്രിയുടെ പ്ലാനിലും വ്യവസ്ഥയിലും ആരംഭിച്ച ആശുപത്രി. ഇതിന്റെ പണി അന്തിമ ഘട്ടത്തിലാണ്.

(ഇ) പ്ലാസ്റ്ററിംഗ് ജോലി ഏകദേശം പൂർത്തിയായിട്ടുണ്ട്.

(എഫ്) 31-12-2005-ന് പൂർത്തിയാക്കാൻ കഴിയും എന്നാണ് കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly